സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി

5 (*5)ശ്രീ. ആന്റണി രാജു :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന ഭരണപരിഷ്ക്കാര കമ്മിഷൻ ഇതിനകം എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഭരണപരിഷ്ക്കാര കമ്മിഷന്റെ റിപ്പോർട്ട് നടപ്പാക്കുന്നതിന് സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ഭാഗമായി പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) പഞ്ചിംഗ് സംവിധാനത്തെ സംസ്ഥാനത്തെ ഏതെങ്കിലും സർവ്വീസ് സംഘടനകൾ എതിർക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പകരം എന്ത് സംവിധാനമാണ് ഇതിനായി ഇവർ മുമ്പോട്ടു വയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സർവ്വീസ് സംഘടനകളുമായി സർക്കാർ ഇക്കാര്യത്തിൽ നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) പഞ്ചിംഗ് സംവിധാനം ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ എന്നുമുതൽ നിലവിൽ വരും എന്ന് വ്യക്തമാക്കുമോ;

(ജി) പഞ്ചിംഗ് സിസ്റ്റം സംസ്ഥാനത്ത് എവിടെയൊക്കെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(എച്ച്) ഫയലുകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ;

(ഐ) കാര്യക്ഷമവും അഴിമതിരഹിതമുമായ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) നിലവിലുള്ള ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ചിട്ടുള്ള കേരള ഭരണപരിഷ്ക്കാരക്കമ്മിറ്റി നാല് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിൽ താഴെ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച ശുപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(1) ഒന്നാമത് റിപ്പോർട്ടിലെ വിഷയങ്ങൾ

(i) പൗരാവകാശ പത്രിക

(ii) സുതാര്യതയും അറിയുവാനുള്ള അവകാശവും

LIBRARY ARCHIVES Kerala Legislative Assembly

(iii) പൊതുജന പരാതി പരിഹാരം

(iv) അധികാരവികേന്ദ്രീകരണവും ഭരണപരിഷ്ക്കാരവും

(v) മോണിറ്ററിംഗ്

(2) രണ്ടാമതു റിപ്പോർട്ടിലെ വിഷയങ്ങൾ

(i) ഹാജർ നിരീക്ഷണ-നിയന്ത്രണം

(ii) ഫയൽ നിരീക്ഷണ- നിയന്ത്രണം

(3) മൂന്നാമതു റിപ്പോർട്ടിലെ വിഷയങ്ങൾ(ധനകാര്യപരിഷ്ക്കരണം സംബന്ധിച്ച്)

(i) ധനകാര്യവകുപ്പിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

(ii) ഭരണവകുപ്പിന്റെയും വകുപ്പുതലവന്മാരുടെയും അധികാരം വർദ്ധിപ്പിക്കുക.

(iii) സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക.

(4) നാലാമതു റിപ്പോർട്ടിലെ വിഷയങ്ങൾ (പേഴ്സണൽ റിഫോംസ് -ഭാഗം 1)

(i) ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കൽ

(ii) കഴിവ് മെച്ചപ്പെടുത്തൽ

(iii) നിയമനസ്ഥാന നിർണയം

(iv) അച്ചടക്കം

(ബി) കേരള ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ ഗവണ്മെന്റ് പരിഗണിക്കുകയും ഇതു സംബന്ധിച്ച് വിശദമായ പരിശോധനയ്ക്ക് മന്ത്രിസഭാ ഉപസമിതിയെയും സെക്രട്ടറിമാരുടെ സമിതിയെയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശയടക്കം വീണ്ടും ഇത് പരിഗണിക്കുകയുണ്ടായി. ഇതിലെ മിക്കവാറും എല്ലാ ശുപാർശകളും മന്ത്രിസഭാ ഉപസമിതിയുടെ ഭേദഗതിയോടെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്.

(സി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 12.11.99-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് അനുബന്ധമായി വച്ചിരിക്കുന്നു. കൂടാതെ ഇതിനായി ഭരണപരിഷ്ക്കാര കമ്മിറ്റി ചോദ്യത്തിലെ 'എ' പിരിവിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതാണ്. ഇതിൽ പഞ്ചിംഗ് സംവിധാനവും ഉൾപ്പെടും.

(ഡി) പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനെ ഭൂരിപക്ഷം സർവ്വീസ് സംഘടനകളും അനുകൂലിച്ചിട്ടുണ്ട്. രേഖാമൂലം സർക്കാരിന് പരാതികളോ ബദൽ നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടില്ലെങ്കിലും ചില സംഘടനകൾ പഞ്ചിംഗ് സമ്പ്രദായത്തിനെതിരെ അഭിപ്രായം പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 6.11.'99 സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഭൂരിപക്ഷം സർവ്വീസ് സംഘടനകളും കാര്യക്ഷമത മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത അംഗീകരിക്കുകയുണ്ടായി.

(എഫ്) തീയതി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സെക്രട്ടേറിയറ്റ് അനക്സ്, പൊതു വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യവകുപ്പു ഡയറക്ടർ എന്നിവരുടെ ഓഫീസ്, കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൽ സ്റ്റേഷനുകൾ, തിരുവനന്തപുരം കളക്ടറേറ്റ് എന്നിവിടങ്ങളിൽ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതേ തുടർന്ന് സെക്രട്ടേറിയറ്റിലെ മറ്റ് കെട്ടിടങ്ങൾ, വകുപ്പുദ്ധ്യക്ഷന്മാരുടെ ഓഫീസുകൾ, പൊതുജന സമ്പർക്കം കൂടുതലുള്ള ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിലും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(എച്ച്) അനുബന്ധമായി ചേർത്തിട്ടുള്ള സർക്കുലറിൽ ഫയലുകൾ തീർപ്പാക്കാൻ തീവ്രയത്ന പരിപാടികൾ സംഘടിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) ഇതു സംബന്ധിച്ച നിർദ്ദേശവും അനുബന്ധത്തിലെ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്.†

കാർഗിൽ യുദ്ധത്തിൽ വീരചരമമടഞ്ഞ മലയാളി ജവാന്മാരുടെ ആശ്രിതർക്ക് സഹായം

6 (*6)ശ്രീ. പി. നാരായണൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. പി.വി. സുലൈമാൻ റാവുത്തർ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഗിൽ യുദ്ധത്തിൽ എത്ര മലയാളി ജവാന്മാർ വീര ചരമമടഞ്ഞു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ഇവരുടെ ആശ്രിതർക്ക് ഇതുവരെ നൽകിയ സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ആർക്കെങ്കിലും ആനുകൂല്യങ്ങൾ ഇനി നൽകേണ്ടതായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ യുദ്ധത്തിൽ പരിക്കേറ്റതും അംഗഭംഗം വന്നവരുമായ മലയാളി ജവാന്മാർ എത്ര; ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) മരിച്ചവരുടെ ആശ്രിതർക്ക് തൊഴിൽ നൽകാനും അംഗഭംഗം വന്നവരെ പുനരധിവസിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ;

(ജി) ഇവരുടെ സ്മരണക്കായി ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) സൈന്യത്തിലും അർദ്ധസൈനിക വിഭാഗത്തിലും സേവനം അനുഷ്ഠിക്കുന്ന മലയാളി ഭടന്മാർ ശത്രുക്കളാലോ ഭീകരന്മാരാലോ കൊല്ലപ്പെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly